# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 | കെ. യു എച്ച്. ക്യു., തീയതി: 04.02.2021

**പ്രസിദ്ധീകരണത്തിന്**

**ഹോൾടിക്കറ്റ്**

**മൂന്നാം** സെമസ്റ്റർ **എം. പി. എഡ്, ബി. പി. എഡ്.** (റെഗുലർ/ സപ്ലിമെന്ററി) നവംബർ 2020 പരീക്ഷകളുടെ ഹോൾടിക്കറ്റ് പഠനവകുപ്പിൽ നിന്ന് വിതരണം ചെയ്യും.

**പരീക്ഷ പുനഃക്രമീകരിച്ചു**

09.02.2021 ന് നടത്താൻ നിശ്ചയിച്ചിരുന്ന **സർവകലാശാല പഠനവകുപ്പിലെ** മൂന്നാം സെമസ്റ്റർ എം. **എസ് സി. ബയോടെക്നോളജി/ മൈക്രോബയോളജി** പരീക്ഷകൾ **22.02.2021** ന് ആരംഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു. പരിഷ്കരിച്ച ടൈടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

**പരീക്ഷാഫലം**

**നാലാം** സെമസ്റ്റർ **ബി. സി. എ.** റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് (ഏപ്രിൽ 2020) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **16.02.2021** ന് വൈകുന്നേരം 5 മണി വരെ ഓൺലൈനായി അപേക്ഷിക്കാം.

**പ്രായോഗിക പരീക്ഷ**

**ഒന്ന് രണ്ട്** വർഷ വിദൂര വിദ്യാഭ്യാസ **ബി. സി. എ.** (ഏപ്രിൽ 2020) പ്രായോഗിക പരീക്ഷകൾ കോവിഡ് 19 മാനദണ്ഡ പ്രകാരം **05.02.2021, 08.02.2021** തീയതികളിൽ ചിൻമയ ആർട്സ് & സയൻസ് കോളേജ് ഫോർ വുമൺ, ചാലയിൽ വച്ച് നടക്കും.

**ടോക്കൺ രജിസ്ട്രേഷൻ**

ചികിത്സാസംബന്ധമായോ കോവിഡ് 19 അനുബന്ധ കാരണങ്ങളാലോ ഒന്നും രണ്ടും വർഷ വിദൂരവിദ്യാഭ്യാസ ബിരുദ (ഏപ്രിൽ 2020), ഒന്നാം വർഷ ബിരുദാനന്തര ബിരുദ (ജൂൺ

2020) പരീക്ഷകൾക്ക് യഥാസമയം അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് ടോക്കൺ രജിസ്ട്രേഷന് **17.02.2021** വരെ അപേക്ഷിക്കാം.

സർവകലാശാല വെബ്സൈറ്റിലെ *ആപ്ലിക്കേഷൻ ഫോംസ്* എന്ന ലിങ്കിൽ ലഭ്യമായ ടോക്കൺ രജിസ്ട്രേഷൻ അപേക്ഷാ ഫോമും പരീക്ഷാ രജിസ്ട്രേഷൻ ഫോമും പൂരിപ്പിച്ച് നിശ്ചിത ഫീസ് അടച്ച് മെഡിക്കൽ സർട്ടിഫിക്കറ്റും, വിദൂര വിദ്യാഭ്യാസ വിഭാഗം നൽകിയ ഐഡന്റിറ്റി കാർഡിന്റെ പകർപ്പും, ഒന്നാം വർഷ പരീക്ഷയുടെ ഹോൾടിക്കറ്റ്/ഗ്രേഡ് കാർഡിന്റെ പകർപ്പും സഹിതം അപേക്ഷിക്കണം. കോവിഡ് അനുബന്ധ കാരണങ്ങളാൽ പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർ മെഡിക്കൽ സർട്ടിഫിക്കറ്റിന് പകരം ഇത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയാൽ മതിയാകും. ഏതെങ്കിലും വർഷം റീ അഡ്മിഷനെടുത്ത വിദ്യാർഥികൾ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പും ഹാജരാക്കണം.

**ഒപ്പ്/-**
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**